I. ഇ.ബി. XV1-കേരള നിയമസഭ/II-9

പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 29, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I ചരമോപചാരം

സൂര്യ കൃഷ്ണമൂർത്തി, ചെറുവയൽ രാമൻ എന്നിവരുടെ നിര്യാണം

സാംസ്കാരിക പ്രവർത്തകനും സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റിയുടെ സ്ഥാപകനുമായ സൂര്യ കൃഷ്ണമൂർത്തി, ജൈവകൃഷി സംരക്ഷകനും പൈതൃക നെൽവിത്തുകളുടെ കാവലാളുമായിരുന്ന ചെറുവയൽ രാമൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

മി. സ്പീക്കർ: പ്രവാസി മലയാളികൾക്ക് നോർക്ക, പ്രവാസി ക്ഷേമ ബോർഡ് എന്നിവ വഴി നൽകിവരുന്ന ആനുകൂല്യങ്ങൾ മുടങ്ങിയതിലും ഇൻഷ്വറൻസ് പ്രീമിയം തുക താങ്ങാനാകാത്തവിധം വർധിപ്പിച്ചതിലും പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാരിനെ അറിയിക്കാനുള്ള ഔദ്യോഗിക വേദിയായ ലോക കേരളസഭ പിരിച്ചുവിട്ടതിലും പ്രവാസി സമൂഹത്തിന് ഉളവായിട്ടുള്ള ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ. കെ. വത്സരാജ്, എ. സി. മൊയ്തീൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി പ്രവാസികൾക്കായി പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നുണ്ട്. കേരള പ്രവാസി ക്ഷേമനിധിയിൽ 100495 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വരുമാനത്തേക്കാൾ ഇരട്ടിയിലധികമാണ് ക്ഷേമനിധി ബോർഡിന്റെ ചെലവ്. പ്രവാസി ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കിയതിൽ ഘടനാപരമായ പിഴവുകൾ സംഭവിച്ചിട്ടുണ്ട്. പ്രീമിയത്തെക്കാൾ ഉയർന്ന തുക ക്ലെയിം ഇനത്തിൽ നൽകേണ്ടിവരുന്നതിനാൽ ക്വട്ടേഷൻ ഏറ്റെടുക്കാൻ ഇൻഷ്വറൻസ് കമ്പനികൾ തയ്യാറാകാത്തതുകൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുതുക്കുന്നതിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും നോർക്ക റൂട്ട്സും തമ്മിലുള്ള കരാർ അവസാനിക്കുന്നതിനാലും 60 വയസ്സ് കഴിഞ്ഞവർക്ക് പോളിസി നൽകാൻ കമ്പനികൾ തയ്യാറാകാത്തതിനാലും വിവിധ സ്ലാബുകളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന ഒരു പദ്ധതി കൊണ്ടുവരാനാണ് പ്രീമിയം തുക വർധിപ്പിച്ചിരിക്കുന്നത്. കമ്പനി പ്രീമിയം നിരക്കിൽ വലിയ വർധനവ് വരുത്തുകയും 300 കോടി രൂപ മുൻകൂറായി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തത് പരിഗണിച്ചിട്ടില്ല. ലോക കേരളസഭയ്ക്ക് പകരമായി ഫലപ്രദമായ പുതിയ സംവിധാനം ഉടൻ പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: പ്രവാസി മലയാളികൾക്ക് നോർക്ക/പ്രവാസി ക്ഷേമ ബോർഡ് വഴി നൽകിയിരുന്ന ആനുകൂല്യങ്ങൾ മുടങ്ങിയതും ഇൻഷ്വറൻസ് പ്രീമിയം തുക താങ്ങാനാകാത്ത വിധം വർധിപ്പിച്ചതും ഖേദകരമാണ്. ലോക കേരള സഭ പിരിച്ചുവിട്ടതിനുപകരം സംവിധാനം രൂപീകരിക്കാത്തത് അപലപനീയമാണ്. കേരളത്തിന്റെ സമഗ്രവികസനത്തിന് നിർണ്ണായക പങ്ക് വഹിക്കുന്ന പ്രവാസികളെ ചേർത്തുപിടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. യുദ്ധത്തെതുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം പ്രവാസി ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്ക് ഇളവ് അനുവദിക്കുന്നതിനും ഇൻഷ്വറൻസ് പ്രീമിയം വർധനവ് പിൻവലിക്കുന്നതിനും പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ക്ഷേമ പദ്ധതികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. നോർക്ക ഓഫീസിൽ ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കണം. Norka Department Project for Returned Emigrants (NDPREM)-ന്റെ പ്രവർത്തനം

കാര്യക്ഷമമാക്കണം. വിമാന ടിക്കറ്റ് നിരക്ക് വർധന തടയണമെന്ന ആവശ്യത്തിന്മേൽ അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിക്കാത്തത് പ്രവാസികളോടുള്ള അവഗണനയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി സതീശൻ): പ്രവാസി ക്ഷേമ പെൻഷൻ വിതരണത്തിനായി സർക്കാർ 32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിലേക്കുള്ള പ്രതിമാസ ശരാശരി വരവ് 16.7 കോടി രൂപയും പെൻഷൻ ഉൾപ്പെടെയുള്ള പ്രതിമാസ ചെലവ് 35 കോടി രൂപയുമാണ്. ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രവാസി ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിന് അംഗങ്ങൾ മുൻകൈയെടുക്കണം. നോർക്ക കെയറിൽ 160 ശതമാനവും നോർക്ക കെയർ പ്ലസിൽ 350 ശതമാനവും ഇൻഷ്വറൻസ് കമ്പനിക്ക് നഷ്ടം വന്നിട്ടുള്ളതിനാൽ ജി.എസ്.ടി. ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. വിമാന ടിക്കറ്റ് നിരക്ക് വർധന തടയുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതാണ്. അംശദായം കുടിശ്ശിക അടയ്ക്കാൻ കഴിയാത്ത പ്രവാസികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നഷ്ടമാകാത്തവിധം നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരികെവരികയും ചെയ്തു.)

III ശൂന്യ ക്ഷണിക്കൽ

(1) കേരളത്തിൽ എയിംസ്

ശ്രീ. ജി. സുധാകരൻ: കേരളത്തിലെ ആരോഗ്യരംഗം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനായി എയിംസ് നേടിയെടുക്കാനും ആലപ്പുഴ ജില്ലയിലെ പുറക്കാട്

ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ കൈവശമുള്ള മണക്കൽ പാടശേഖരത്തിൽ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): എയിംസിനായി ദേശീയപാത, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം എന്നിവിടങ്ങളിലേക്കുള്ള ഗതാഗത സൗകര്യവും മറ്റ് അടിസ്ഥാനസൗകര്യ ലഭ്യതയുമുള്ള 200 ഏക്കറിലധികം വരുന്ന ഭൂമി സംബന്ധിച്ച കോട്ടയം, തൃശ്ശൂർ, കാസർഗോഡ് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്. ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിലെ മണക്കൽ പാടശേഖരം എയിംസിനായി പരിഗണിക്കണമെന്ന നിർദേശത്തിന്മേൽ ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടുന്നതാണ്.

(2) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ രണ്ട് നഗരസഭകളും ആറ് ഗ്രാമപഞ്ചായത്തുകളും കേന്ദ്രീകരിച്ചുള്ള സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. വാണിയംകുളം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സംഭരണ ടാങ്കിന്റെ ശേഷി ഉയർത്താനും നെല്ലായ-കുലുക്കല്ലൂർ കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനും നടപടിയുണ്ടാകണം. ശ്രീകൃഷ്ണപുരം കുടിവെള്ള വിതരണ പദ്ധതിയിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടി നിലവിലുള്ള ടാൻസ്റ്റോർമറിന്റെ ശേഷി ഉയർത്തുന്നതിനും മാന്നനൂർ തടയണ നിർമ്മാണത്തിലെ സാങ്കേതിക തടസ്സം നീക്കി തുടർ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുമാവശ്യമായ ഇടപെടൽ നടത്തണം. പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചുച്ചേർക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭാ പരിധിയിലെയും തൃക്കടീരി, അനങ്ങനടി പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജൽ ജീവൻ മിഷൻ, അമൃത്, സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 22 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല, ജലസംഭരണികൾ, കിണർ, പമ്പ് ഹൗസ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. തൃക്കടീരിയിൽ 21 ലക്ഷം ലിറ്ററും

ചളവറയിൽ 12 ലക്ഷം ലിറ്ററും കപ്പാസിറ്റിയുള്ള ഉന്നത ജലസംഭരണിയുടെയും അനങ്ങനടിയിലെ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂജല സംഭരണിയുടെയും നിർമ്മാണം പൂർത്തിയാക്കി പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ചെർപ്പുളശ്ശേരിയിൽ 27 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, പമ്പ് സെറ്റുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അനങ്ങനടി ഗ്രാമപഞ്ചായത്തിൽ 3813 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ചളവറ, തൃക്കടീരി ഗ്രാമപഞ്ചായത്തുകളിലെ എൺപത് ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കുകയും മൂന്ന് പഞ്ചായത്തുകളിലെയും രണ്ടാം ഘട്ട പൈപ്പുലൈൻ വിപുലീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. ചെർപ്പുളശ്ശേരി നഗരസഭയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി 1841 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനും അധിക വിതരണ ശൃംഖല വിപുലീകരണ പ്രവൃത്തികളുടെ ഭാഗമായുള്ള നാല് പാക്കേജുകൾ പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ജലസ്രോതസായ തൂതപ്പുഴയിൽ വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പാക്കാൻ ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജലനിരപ്പ് താഴ്ന്നമുറയ്ക്ക് നിർത്തിവച്ചിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. കുടിവെള്ള പദ്ധതിയോടൊപ്പം മാന്നന്നൂർ തടയണ നിർമ്മാണ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

(ഭരണ-പ്രതിപക്ഷ സമവായത്തിന്റെ അടിസ്ഥാനത്തിൽ സബ്മിഷനുകൾ അവതരിപ്പിച്ചതായി കണക്കാക്കി മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

III മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

IV റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി V-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ

പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്.

(4) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

V നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളത്തിൽ വ്യവസായ നിക്ഷേപങ്ങൾക്ക് കാലതാമസമില്ലാതെ അനുമതി നൽകാനും നിക്ഷേപസൗഹൃദമാക്കാനുമുള്ള ചരിത്രപ്രധാനമായ നിയമനിർമ്മാണമാണിത്. ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിക്ക് അപേക്ഷ നൽകിയാൽ എല്ലാ വകുപ്പുകളുടെയും അനുമതി നിശ്ചിത സമയത്തിനകം ലഭ്യമാകുന്നതാണ്. സംസ്ഥാന/ജില്ലാ തലങ്ങളിലുള്ള ദ്വിതല സ്റ്റാറ്റ്യൂട്ടറി സംവിധാനം ഉൾപ്പെട്ടിട്ടുള്ള ഒരു ചട്ടക്കൂടാണ് ഈ ബില്ലിലുള്ളത്. 25 കോടി രൂപ മുതൽ 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ജില്ലാതല സമിതിയും 50 കോടി രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് സംസ്ഥാന സമിതിയുമാണ് അനുമതി നൽകുന്നത്.

(ശ്രീ. വി. ജോയി എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. കെ. കെ. രാമചന്ദ്രൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 25 കോടി രൂപയ്ക്ക് മുകളിലുള്ള വ്യവസായങ്ങളുടെ നിക്ഷേപാനുമതി വേഗത്തിലാക്കുന്നതിനായുള്ള ഈ ബിൽ കേരളത്തിന്റെ അധികാര വികേന്ദ്രീകരണ സങ്കൽപ്പത്തെയും പരിസ്ഥിതി-സംരക്ഷണ നിയമങ്ങളെയും സാധാരണ ജനങ്ങളുടെ സുരക്ഷയെയും അട്ടിമറിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങളുടെ ആവർത്തനമാണ് ഈ ബിൽ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം പൂർണ്ണമായും കവർന്നെടുക്കുന്ന കരിനിയമമാണിത്. ജില്ലാ അംഗീകാര കമ്മിറ്റിയിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെ ഉൾപ്പെടുത്താത്തതും പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിയെ ഒഴിവാക്കിയതും പ്രതിഷേധാർഹമാണ്. ഏകജാലക നിയമപ്രകാരമുള്ള ജില്ലാ ബോർഡിൽ പഞ്ചായത്ത് പ്രസിഡന്റോ മുനിസിപ്പൽ ചെയർപേഴ്സണോ അംഗമായിരിക്കണമെന്ന വ്യവസ്ഥയും ബില്ലിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് മാരക രാസമാലിന്യം പുറന്തള്ളുകയോ ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന സുരക്ഷാവീഴ്ചകൾ വരുത്തുകയോ ചെയ്താൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാപനം പൂട്ടിയിടാനോ, ലൈസൻസ് അടിയന്തരമായി സസ്പെൻഡ് ചെയ്യാനോ അധികാരമില്ലെന്ന് ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിരിക്കുന്നത് അപലപനീയമാണ്. സാധാരണക്കാരന് നീതി നിഷേധിക്കുന്ന അപ്പീൽ വ്യവസ്ഥകളാണ് ബില്ലിലുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവരുന്നതും നെൽവയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കാൻ വഴിയൊരുക്കുന്നതും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതുമായ ഈ ബിൽ പിൻവലിക്കണം.

ശ്രീ. കെ. കെ. വത്സരാജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ കവർന്നെടുത്ത് പുതിയ അതോറിറ്റിക്ക് കൈമാറുന്ന ഈ ബിൽ പാസ്സാക്കുന്നതിലൂടെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ ചില വകുപ്പുകളും ചട്ടങ്ങളും അട്ടിമറിക്കപ്പെടാനിടയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുത്ത് അതോറിറ്റിക്ക് നൽകാനിടയാക്കുന്ന നിയമമായി ഇത് പരിണമിക്കും. വ്യവസായ നിക്ഷേപങ്ങൾക്കുള്ള അനുമതി എളുപ്പമാക്കാൻ ഉദ്ദേശിച്ചുള്ളതാണെങ്കിലും പരിസ്ഥിതി സംരക്ഷണ നിയമങ്ങളെ ദുർബലപ്പെടുത്തുമെന്ന ആശങ്കയുമുണ്ട്. വൻകിട

കമ്പനികളുടെ വ്യവസായാവശ്യങ്ങൾക്കുവേണ്ടി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനുള്ള സാധ്യതയുമുണ്ട്. വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുമുമ്പ് പാരിസ്ഥിതികാഘാത പഠനം നടത്തുകയും പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

ശ്രീ. കെ. പി. നൗഷാദ് അലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികളും ലൈസൻസും ലഭ്യമാക്കുന്നതിനായി ബില്ലിൽ സമയപരിധി വ്യവസ്ഥ ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്. നിലവിലുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായിട്ടാണ് ഈ നിയമം നടപ്പാക്കുന്നത്. സംസ്ഥാനത്തിന്റെ വ്യാവസായികാന്തരീക്ഷം മെച്ചപ്പെടുത്താനും നികുതി വരുമാനത്തിൽ കോടിക്കണക്കിന് രൂപയുടെ വർധനവുണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കാനും സഹായിക്കുന്നതാണ് ഈ ബിൽ. സംരംഭകർക്ക് സംരക്ഷണം നൽകുന്ന ബില്ലാണിത്.

ശ്രീ. പി. എം. എ. സമീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തിക ഇടപാടുകളുടെ വേഗത വർധിപ്പിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. മിഷൻ സമുദ്ര, നോളജ് ഇക്കോണമി, ക്രിട്ടിക്കൽ മിനറൽ കോറിഡോർ എന്നീ മേഖലകളിലെ പദ്ധതികൾക്ക് സമയബന്ധിതമായി അനുമതി ലഭ്യമാക്കുന്ന സ്ഥിതിയുണ്ടാകണം. കേരളത്തിലെ ബിസിനസുകാരെല്ലാം പ്രകൃതിയെ ചൂഷണം ചെയ്യുന്നവരാണ് എന്ന രീതിയിലുള്ള സമീപനത്തിലും കാഴ്ചപ്പാടിലും മാറ്റം വരണം. ക്വാളിറ്റി ഇൻവെസ്റ്റ്മെന്റ്സ് പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വയോജനങ്ങളുടെ എക്സ്പീരിയൻസ് മുൻനിർത്തി അവർക്ക് പ്രാവർത്തികമാക്കാൻ കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം. സ്വന്തമായി വിപണി ഉറപ്പാക്കാനും അവസരങ്ങൾ കൃത്യമായി പ്രയോജനപ്പെടുത്താനും ഈ ബില്ലിലൂടെ സാധിക്കും. കമ്മി ബജറ്റിൽനിന്ന് മിച്ച ബജറ്റിലേക്കുള്ള ഒരു ബ്രിഡ്ജിങ്ങാണ് ഈ ബിൽ.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബില്ലിനോട് വിയോജിച്ചുകൊണ്ട് നടത്തിയ പ്രസ്താവനകൾ അടിസ്ഥാനരഹിതമാണ്. നിയമങ്ങൾ കൃത്യമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി തീരുമാനമെടുക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. നടപടിക്രമങ്ങൾ സുഗമമാക്കിയും നിക്ഷേപ സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയും പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാത്ത വ്യവസായങ്ങൾ ആരംഭിക്കാൻ പ്രചോദനം നൽകുകയും സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തിപകരുകയും ചെയ്യുന്നതാണ് ഈ ബിൽ.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1800. 2-ാം ഖണ്ഡത്തിൽ, -

(i) (എച്ച്) ഉപഖണ്ഡത്തിൽ, " അപ്രകാരം" എന്ന വാക്കിന് പകരം " അപ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

(ii) (എം) ഉപഖണ്ഡത്തിൽ, " ഉൾപ്പെടുന്നതുമാകുന്നു" എന്നതിന് പകരം " 18-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയും ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

(iii) (ഇസഡ്) ഉപഖണ്ഡത്തിൽ " പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾക്ക് പകരം " മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക. കൂടാതെ ബില്ലിൽ " പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം " മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

‘ അധികാര സ്ഥാനം’ എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം 'അധികാരസ്ഥാനം’ എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഖണ്ഡം 2(എസ്)-ൽ 'കേരള സർക്കാർ’ എന്നത് 'കേരളസർക്കാർ’ എന്ന് ചേർക്കുക.

226, 233A, 234, 239, 242A, 243, 248, 248A, 250, 252, 255, 256, 256A, 257, 263, 267, 267A, 267B, 271, 275, 283, 289A, 289B, 290, 292, 296A, 297, 297A, 298, 299, 308, 309, 317, 317A, 317C, 324, 330A, 330B, 333, 334A, 335, 336, 336A, 337, 353, 354, 355, 358, 371, 372, 386, 388, 392, 392A, 392C, 393, 399, 406A, 407, 414A, 416, 421, 425, 437, 437B, 445, 445A, 453, 457, 458A, 459, 463A, 463B, 464, 465, 466, 466A, 470, 472, 472A, 473, 474, 474A, 475, 483, 486, 488, 488A, 489, 495, 501A, 505, 514, 515, 516, 517, 518, 519 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

284. ഖണ്ഡം 2(എഫ്)-ൽ “ നടപ്പാക്കുന്നപക്ഷം” എന്നതിന് പകരം “ നടപ്പാക്കുന്ന പക്ഷം” എന്ന് ചേർക്കുക.

345. ഖണ്ഡം 2(എൽ)-ൽ “ പരിഹരിച്ച്” എന്നതിന് പകരം “ പരിഹരിച്ച് സമർപ്പിച്ച്” എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിച്ചു.

334A. ഖണ്ഡം 2(എൽ)-ൽ "ഒരു ന്യൂനത"എന്നതിന് പകരം "ഏതെങ്കിലും ന്യൂനത" എന്ന് ചേർക്കുക.

414A. ഖണ്ഡം 2(കൃ) താഴെപ്പറയും പ്രകാരം മാറ്റുക:

"(കൃ)"ജില്ലാതല മൂല്യനിർണ്ണയ കമ്മിറ്റി" എന്നാൽ 8-ാം വകുപ്പ് പ്രകാരം അതതു ജില്ലയിൽ രൂപീകരിക്കപ്പെട്ട ജില്ലാതല മൂല്യനിർണ്ണയ കമ്മിറ്റി എന്നർത്ഥമാകുന്നു;"

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

299. ഖണ്ഡം 2(ഐ)-ൽ "വ്യക്തമാക്കിയിട്ടുള്ളതും" എന്നതിന് പകരം "രേഖപ്പെടുത്തിയിട്ടുള്ളതും" എന്ന് ചേർക്കുക.

392A. ഖണ്ഡം 2(ഒ)-ൽ "വിഭാഗങ്ങളിലോ" എന്നതിന് ശേഷം"പദ്ധതികളിലോ" എന്ന് ചേർക്കുക.

406A. ഖണ്ഡം 2(പി) താഴെപ്പറയും പ്രകാരം മാറ്റുക:

"(പി) ജില്ലാതല അംഗീകാര കമ്മിറ്റി എന്നാൽ 8-ാം വകുപ്പ് പ്രകാരം അതതു ജില്ലയിൽ രൂപീകരിക്കപ്പെട്ട ജില്ലാതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു."

445A. ഖണ്ഡം 2(യു)-ൽ "ഒഴിവാക്കുന്ന" എന്നതിന് പകരം "ഒഴിവാക്കുന്നതായി പ്രഖ്യാപിക്കുന്ന" എന്ന് ചേർക്കുക.

453. ഖണ്ഡം 2(യു)-ൽ "വിഭാഗങ്ങളിലുള്ള" എന്നതിന് പകരം "മേഖലകളിലോ വിഭാഗങ്ങളിലോ ഉള്ള" എന്ന് ചേർക്കുക.

457. ഖണ്ഡം 2(യു)-ൽ "പദ്ധതികൾ" എന്നതിന് ശേഷം വരുന്ന"അതിൽ" എന്നതിന് പകരം"ഇതിൽ" എന്ന് ചേർക്കുക.

458A. ഖണ്ഡം 2(വി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

463B. ഖണ്ഡം 2(ഡബ്ല്യു)-ൽ "ഫീസ്" എന്നതിന് മുമ്പ്" സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനും" എന്ന് ചേർക്കുക.

473. ഖണ്ഡം 2(ഇസഡ് എ)-ൽ "ക്ലിയറൻസിനെ" എന്നതിന് പകരം "നിക്ഷേപ പദ്ധതിയെ" എന്ന് ചേർക്കുക.

474A. ഖണ്ഡം 2(ഇസഡ് എ)-ൽ "ഉള്ളതായി" എന്നതിന് പകരം "ഉള്ള വിഭാഗങ്ങളായി" എന്ന് ചേർക്കുക.

495. ഖണ്ഡം 2(ഇസഡ് ഇ)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് ശേഷം "അംഗീകാര" എന്ന് ചേർക്കുക.

517. ഖണ്ഡം 2(ഇസഡ് ജി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(ഇസഡ് എച്ച്) " അപ്പലേറ്റ് അതോറിറ്റി" എന്നാൽ 19-ാം വകുപ്പുപ്രകാരം അപ്പീൽ പരിഗണിക്കുന്ന സംസ്ഥാനതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു. "

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1801. ഖണ്ഡം 3(3)-ൽ "25 കോടി രൂപ" എന്നതിന് പകരം"25 കോടി രൂപയ്ക്ക് " എന്ന് ചേർക്കുക.

520, 527, 533, 543, 545, 551A, 552, 553, 553A, 554, 555, 556, 558, 568A, 569, 570 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

568A. ഖണ്ഡം 3(3)-ൽ "ബാധകമായിട്ടുള്ളത്" എന്നതിന് പകരം "ബാധകമായിരിക്കുന്നത്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

520. അധ്യായം II-ന്റെ തലക്കെട്ടിൽ"കമ്മിറ്റിയുടെ രൂപീകരണം, അധികാരം ചുമതലകൾ സംബന്ധിച്ച്" എന്നതിന് പകരം "അതോറിറ്റിയുടെയും കമ്മിറ്റികളുടെയും രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സംബന്ധിച്ച്" എന്ന് ചേർക്കുക.

527. ഖണ്ഡം 3(1)-ൽ"വിവിധ നിയമങ്ങൾ" എന്നതിന് പകരം "ബന്ധപ്പെട്ട നിയമങ്ങൾ" എന്ന് ചേർക്കുക.

545. ഖണ്ഡം 3(1)-ൽ"പരിശോധനയുടെ" എന്നതിന് പകരം "സൂക്ഷ്മപരിശോധനയുടെ" എന്ന് ചേർക്കുക.

551A. ഖണ്ഡം 3(1)-ൽ"സരൾ കേരളം" എന്നതിന് ശേഷം

"അതോറിറ്റി" എന്ന് ചേർക്കുക.

553A. ഖണ്ഡം 3(2)-ൽ"ചട്ടക്കൂടാണ്" എന്നതിന് പകരം

"ചട്ടക്കൂടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

575, 576, 585, 598, 610, 611, 611A, 619 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

575. ഖണ്ഡം 4(2)-ൽ"വിവിധ നിയമങ്ങൾക്ക്" എന്നതിന് പകരം

" ബന്ധപ്പെട്ട നിയമങ്ങൾക്ക്" എന്ന് ചേർക്കുക.

610. ഖണ്ഡം 4(2)-ൽ "പരിശോധനയുടെ" എന്നതിന് പകരം "സൂക്ഷ്മ പരിശോധനയുടെ" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

620, 621, 625A, 625B, 630, 631, 638, 639, 640, 641, 641A, 642, 643, 644, 645, 652, 660, 666, 667, 674, 675, 675A, 676, 686, 693, 702A, 703 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

634. ഖണ്ഡം 5(1)(ഐ)-ൽ " കോർപ്പറേഷൻ" എന്നതിന് ശേഷം " ലിമിറ്റഡ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

675. ഖണ്ഡം 5(3)-ൽ " പ്രകാരമായിരിക്കുന്നതാണ്" എന്നതിന് ശേഷം " ചെയർപേഴ്സൺ ആവശ്യമെന്ന് കണ്ടാൽ, വിദഗ്ധരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്; അവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല." എന്ന് ചേർക്കുക.

676. ഖണ്ഡം 5(4)-ൽ " വകുപ്പുകൾക്കിടയിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടെങ്കിൽ അത്" എന്നതിന് പകരം " വകുപ്പുകൾ തമ്മിൽ വിയോജിപ്പ് ഉള്ള പക്ഷം ആയത്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1802. ഖണ്ഡം 6(1)-ൽ,-

(i) നിലവിലുള്ള (എച്ച്) ഖണ്ഡം (ഐ) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും പ്രസ്തുത ഖണ്ഡത്തിലെ " ; കൂടാതെ" എന്ന ചിഹ്നവും വാക്കും വിട്ടുകളയുകയും ചെയ്യുക.

(ii) നിലവിലുള്ള (ഐ) ഖണ്ഡം (എച്ച്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും പ്രസ്തുത ഖണ്ഡത്തിലെ " -ജോയിന്റ് കൺവീനർ" എന്നത് വിട്ടുകളയുകയും " ഓഫീസ്" എന്ന വാക്കിനുശേഷം " ; കൂടാതെ" എന്ന് ചേർക്കുകയും ചെയ്യുക.

704A, 705, 705A, 706, 707, 716, 724, 724A, 725, 725A, 726, 731, 731A, 732, 733, 734, 739, 744, 747, 750, 756 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

720. ഖണ്ഡം 6(1)(എച്ച്)-ൽ " കോർപ്പറേഷൻ" എന്നതിന് ശേഷം " ലിമിറ്റഡ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

726. ഖണ്ഡം 6(2)-ൽ " അപേക്ഷ" എന്നതിന് പകരം " 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏകോപിത റിപ്പോർട്ട്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1803. ഖണ്ഡം 7 (1)-ൽ,-

(i) (ഡി) ഖണ്ഡത്തിലുള്ള " കൂടാതെ" എന്ന വാക്ക് വിട്ടുകളയുക.

(ii) നിലവിലെ (ഇ) ഖണ്ഡം (എഫ്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക.

" (ഇ) ഈ ആക്ട് പ്രകാരം അനുവദിച്ച ഒരു ക്ലിയറൻസ് 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ, അപ്രകാരം സസ്പെൻഡ് ചെയ്ത ക്ലിയറൻസ് പുനഃസ്ഥാപിക്കുന്നതിനോ; അല്ലെങ്കിൽ" ;

757, 764A, 769, 769A, 775, 783, 788, 789, 793A, 793B, 794, 806, 811, 814, 816A, 817, 829, 830, 832, 834, 835, 835A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

802. ഖണ്ഡം 7(2)-ൽ " പ്രസ്തുത ക്ലിയറൻസിൽ" എന്നതിന് പകരം " അതിൽ" എന്ന് ചേർക്കുക.

807. ഖണ്ഡം 7(2)-ൽ " അധികാര സ്ഥാനം" എന്നതിന് പകരം " അധികാരസ്ഥാനം" എന്ന് ചേർക്കുക.

833. ഖണ്ഡം 7(4)-ൽ " രേഖാമൂലം" എന്നതിന് പകരം " പോർട്ടൽ വഴി" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

757, 830 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

VI അറിയിപ്പ്

<u>ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ഉച്ചയ്ക്കുശേഷം 1.00 മണി മുതൽ 2.00 മണി വരെ 2026-ലെ കേരള ധനവിനിയോഗ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളതിനാൽ സഭയുടെ അനുമതിയോടെ ചട്ടം 153(2)-ൽ ഇളവുവരുത്തിക്കൊണ്ട് പ്രസ്തുത ബില്ലിന്റെ പരിഗണന പൂർത്തിയായതിനുശേഷം ധനവിനിയോഗ ബില്ലുകൾ പരിഗണിക്കുന്നതാണ്.

<u>എട്ടാം വകുപ്പ്</u>

839A, 840, 841, 842, 844, 850, 854, 855, 861 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

856. ഖണ്ഡം 8(2)-ൽ ക്ലിപ്തനിബന്ധനയിൽ "ഒരു" എന്നതിന് ശേഷം "മൂലധന നിക്ഷേപ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

844. ഖണ്ഡം 8(2)-ൽ "വിവിധ നിയമങ്ങൾക്ക്" എന്നതിന് പകരം "ബന്ധപ്പെട്ട നിയമങ്ങൾക്ക്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1804. ഖണ്ഡം 9 (1) (ഡി)-ൽ " അവയുടെ ജില്ലാതല ഓഫീസർമാർ" എന്ന വാക്കുകൾക്ക് പകരം " ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

862, 863, 869, 872, 879, 885, 891, 894, 895, 896, 896A, 897, 898, 899, 902, 908, 909, 920, 926, 932, 942A, 948, 955, 960 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

926. ഖണ്ഡം 9(4)-ൽ "വകുപ്പുകൾക്കിടയിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടെങ്കിൽ അത്" എന്നതിന് പകരം "വകുപ്പുകൾ തമ്മിൽ വിയോജിപ്പ് ഉള്ള പക്ഷം ആയത്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

969, 976, 977, 978, 979, 980, 981, 982, 983, 983A, 984, 985, 989, 995 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

982. ഖണ്ഡം 10(2)-ൽ " അപേക്ഷ" എന്നതിന് പകരം " 9-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരമുള്ള ഏകോപിത റിപ്പോർട്ട്" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1805. ഖണ്ഡം 11 (1)-ൽ,-

(i) (ഡി) ഖണ്ഡത്തിലുള്ള " കൂടാതെ" എന്ന വാക്ക് വിട്ടുകളയുക.

(ii) നിലവിലുള്ള (ഇ) ഖണ്ഡം (എഫ്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക.

" (ഇ) ഈ ആക്ട് പ്രകാരം അനുവദിച്ച ഒരു ക്ലിയറൻസ് 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ, അപ്രകാരം സസ്പെൻഡ് ചെയ്ത ക്ലിയറൻസ് പുനഃസ്ഥാപിക്കുന്നതിനോ; അല്ലെങ്കിൽ" ;

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 11(4)-ൽ "രേഖാമൂലം" എന്ന വാക്കിനുപകരം "പോർട്ടൽ വഴി" എന്നീ വാക്കുകൾ ചേർക്കുക.

1003, 1016, 1018A, 1019, 1023, 1031, 1035A, 1035B, 1036, 1038, 1042, 1047, 1052, 1054 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

1003 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

1056, 1058, 1059, 1064, 1064A, 1065, 1065A, 1066, 1067, 1071, 1072, 1073, 1074, 1087, 1094, 1102 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1071. ഖണ്ഡം 12(1)(സി)-ൽ " രേഖകൾ" എന്നതിന് പകരം " അപേക്ഷ" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1806. ഖണ്ഡം 13-ൽ,-

(i) നിലവിലുള്ള ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) ബന്ധപ്പെട്ട നിയമപ്രകാരം ഒരു ക്ലിയറൻസിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനോ, അവ ലംഘിക്കപ്പെട്ടാൽ (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം തിരുത്തൽ നടപടി സ്വീകരിക്കുന്നതോ ഒരു ക്ഷമതയുള്ള അധികാരസ്ഥാനത്തിനുള്ള അധികാരത്തെ ഈ ആക്ടിലെ ഒരു വ്യവസ്ഥയും ബാധിക്കുന്നതല്ല:

എന്നാൽ, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടെ ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട അംഗീകാര കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതും, പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നോട്ടീസോ നിരോധന ഉത്തരവോ പുറപ്പെടുവിക്കുന്നതിന് ഒരു ക്ഷമതയുള്ള അധികാര സ്ഥാനത്തിന് അധികാരം ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ";

(ii) ഉപഖണ്ഡം (3)-ന്റെ (2)-ാം ക്ലിപ്തനിബന്ധനയിൽ

"എന്നിരുന്നാലും" എന്ന വാക്കിന് പകരം "എന്നു മാത്രമല്ല,"

എന്ന വാക്കും ചിഹ്നവും ചേർക്കുക.

1103, 1103A, 1104, 1112, 1112A, 1119, 1120A 1120B, 1120C, 1121, 1128, 1133A, 1133B, 1139, 1143, 1144, 1147A, 1148, 1153, 1154, 1158, 1162, 1162A, 1163, 1168, 1171, 1172A, 1174, 1178, 1179, 1180, 1187, 1188A, 1195, 1197, 1200A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1143. ഖണ്ഡം 13(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ദോഷത്തിനോ ഉടനടി ഇടയാക്കാവുന്നതോ ആണെന്ന്" എന്നതിന് പകരം "ആഘാതത്തിനോ ഇടയാക്കാവുന്നതാണെന്ന്" എന്ന് ചേർക്കുക.

1158. ഖണ്ഡം 13(4)-ൽ " ആ" എന്നതിന് പകരം " നൽകിയിട്ടുള്ള" എന്ന് 0 ചേർക്കുക.

1162. ഖണ്ഡം 13(4)-ൽ " രേഖാമൂലം" എന്നതിന് പകരം " പോർട്ടൽ വഴി" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

1112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1807. ഖണ്ഡം 14(3)-ൽ "(3)-ാം ഉപവകുപ്പ്" എന്നതിന് പകരം "(2)-ാം ഉപവകുപ്പ്" എന്നും "(3)-ാം ഉപവകുപ്പിൽ" എന്നതിന് പകരം "(2)-ാം ഉപവകുപ്പിൽ" എന്നും ചേർക്കുക.

1201, 1203, 1203A, 1204, 1209, 1210, 1218, 1220, 1225A, 1227, 1233, 1233A, 1233B, 1234, 1234A, 1235, 1243, 1244, 1249, 1253A, 1254, 1255, 1256, 1257, 1257A, 1258, 1266, 1267, 1275, 1280, 1280A, 1281, 1282, 1289, 1290, 1290A, 1291, 1299, 1303, 1311, 1312, 1319, 1321, 1323A, 1323B, 1324, 1327, 1332, 1333, 1334, 1334A, 1336, 1343, 1347A, 1348, 1349, 1356A, 1356B, 1357, 1358, 1360A, 1366, 1367 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1209. ഖണ്ഡം 14(2)-ൽ " അപേക്ഷകളിന്മേൽ" എന്നതിന് പകരം " അപേക്ഷ" എന്ന് ചേർക്കുക.

1210. ഖണ്ഡം 14(2)-ൽ " ആകെ" എന്നത് ഒഴിവാക്കുക.

1267. ഖണ്ഡം 14(2)(iii)-ൽ " കമ്മിറ്റി" എന്നതിന് ശേഷം " അതിന്മേലുള്ള" എന്ന് ചേർക്കുക.

1299. ഖണ്ഡം 14(2)(iv)-ൽ " കമ്മിറ്റി" എന്നതിന് ശേഷം " ആയതിന്മേൽ" എന്ന് ചേർക്കുക.

1311. ഖണ്ഡം 14(2)(v)-ൽ " അപേക്ഷയിൽ" എന്നതിന് മുമ്പ് " ഇനം (iv) പ്രകാരം" എന്ന് ചേർക്കുക.

1333. ഖണ്ഡം 14(3)-ൽ " ഒഴിവാക്കാവുന്നതാണ്" എന്നതിന് പകരം " ഒഴിവാക്കപ്പെടുന്നതാണ്" എന്ന് ചേർക്കുക.

1343. ഖണ്ഡം 14(4)-ൽ " ഏഴ" എന്നതിന് പകരം " ഏഴ്" എന്ന് ചേർക്കുക.

1356A. ഖണ്ഡം 14(4)-ൽ " ഘട്ടംഘട്ടമായി" എന്നതിന് പകരം " ഘട്ടം ഘട്ടമായി" എന്ന് ചേർക്കുക.

1358. ഖണ്ഡം 14(4)-ന്റെ ക്ലിപ്തനിബന്ധനയിൽ " തുടരുന്നതാണ്" എന്നതിന് പകരം " തുടരേണ്ടതാണ്" എന്ന് ചേർക്കുക.

1366. ഖണ്ഡം 14(5)-ൽ " എല്ലാ വിവരങ്ങളും ഉൾക്കൊള്ളേണ്ടതുമാണ്" എന്നതിന് പകരം " പ്രകാരമായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 15 (2)-ൽ "പറയുന്ന രീതിയിൽ" എന്ന വാക്കുകൾക്കുപകരം "വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

1368, 1376, 1386, 1386A, 1388, 1397, 1399, 1407A, 1408, 1424, 1429, 1431, 1446, 1448, 1456, 1460A, 1460B, 1461 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1368. ഖണ്ഡം 15(1)-ൽ " ആ ആക്ട് പ്രകാരം" എന്നത് ഒഴിവാക്കുക.

1408. ഖണ്ഡം 15(3)-ൽ " അപേക്ഷയുടെ" എന്നതിന് പകരം

" അപേക്ഷയുടെയും" എന്ന് ചേർക്കുക.

1431. ഖണ്ഡം 15(4)-ൽ " സരൾ സെക്രട്ടേറിയറ്റിന്

ഹാജരാക്കേണ്ടതും" എന്നതിന് പകരം " പോർട്ടൽ

മുഖേന സരൾ സെക്രട്ടേറിയറ്റിന് ലഭ്യമാക്കേണ്ടതും"

എന്ന് ചേർക്കുക.

1456. ഖണ്ഡം 15(4)-ൽ " കൂടാതെ" എന്നതിന് പകരം

" കൂടാതെതന്നെ" എന്ന് ചേർക്കുക.

വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

1462, 1475, 1476, 1477, 1477A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1462. ഖണ്ഡം 16-ൽ " പരിശോധനയുടെ" എന്നതിന് പകരം

" പരിശോധനാ" എന്ന് ചേർക്കുക.

1475. ഖണ്ഡം 16-ൽ "അംഗീകാര കമ്മിറ്റിയോ" എന്നതിന് മുമ്പ്

"ബന്ധപ്പെട്ട" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

1478, 1486, 1492, 1495, 1503, 1512, 1514A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1478. ഖണ്ഡം 17-ൽ "ജനങ്ങളുടെ" എന്നത് ഒഴിവാക്കുക.

1492. ഖണ്ഡം 17-ൽ " ആരോഗ്യം" എന്നതിന് പകരം

" പൊതുജനാരോഗ്യം" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1808. ഖണ്ഡം 18(6)-ൽ "ബന്ധപ്പെട്ട പദ്ധതിയുടെ" എന്നീ വാക്കുകൾക്ക് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 18(3)-ൽ "നൂറ്റിയിരുപത് ദിവസം" എന്ന വാക്കുകൾക്ക് ശേഷം "മുൻപ്" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

1515, 1524, 1528, 1528A, 1528B, 1530, 1537, 1538, 1539, 1544, 1548, 1553, 1553A, 1553B, 1553C, 1554, 1557, 1559, 1567, 1571, 1579, 1580, 1588, 1589, 1589A, 1589C, 1589D, 1592, 1595, 1598, 1599, 1606A, 1607, 1608, 1609, 1614A, 1620, 1622A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1515. ഖണ്ഡം 18(1)-ൽ "ഉള്ള" എന്നതിന് പകരം "ലഭിച്ച" എന്ന് ചേർക്കുക.

1544. ഖണ്ഡം 18(2)-ൽ " കാലാവധി സർക്കാരിന്," എന്നതിന് പകരം " കാലാവധി, സർക്കാരിന്" എന്ന് ചേർക്കുക.

1567. ഖണ്ഡം 18(4)-ൽ "ഒരു നിലവിലുള്ള പദ്ധതിയുടെ കൈവശമുള്ള" എന്നതിന് പകരം "നിലവിലുള്ള ഒരു പദ്ധതിക്ക് ലഭ്യമായിട്ടുള്ള" എന്ന് ചേർക്കുക.

1595. ഖണ്ഡം18(7)-ൽ " വ്യക്തമാക്കേണ്ടതാണ്." എന്നതിന് പകരം " രേഖപ്പെടുത്തേണ്ടതാണ്." എന്ന് ചേർക്കുക.

1599. ഖണ്ഡം 18(8)-ൽ " ആക്ട്" എന്നതിന് പകരം " ആക്ടിലെ വ്യവസ്ഥകൾ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

1608-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

1623, 1624, 1624A, 1624B, 1625, 1634, 1642, 1645, 1654, 1663, 1675A, 1675B, 1683A, 1684, 1693, 1693A, 1694 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1668. ഖണ്ഡം 19(2)(ബി)-ൽ "കേസിന്റെ" എന്നതിന് പകരം "അപ്പീൽ അപേക്ഷയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

1685. ഖണ്ഡം 19(2)(ഡി)-ൽ " അതിന്റെ ഫലമായുള്ള" എന്നതിന് പകരം " അപ്പീൽ ഉത്തരവ് പ്രകാരമുള്ള" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1623. ഖണ്ഡം 19(1)-ൽ " ഏതൊരു ആൾക്കും" എന്നതിന് പകരം " ഏതൊരാൾക്കും" എന്ന് ചേർക്കുക.

1625. ഖണ്ഡം 19(1)-ൽ " ദിവസത്തിനുള്ളിൽ" എന്നതിന് പകരം " ദിവസത്തിനകം" എന്ന് ചേർക്കുക.

1654. ഖണ്ഡം 19(2)(എ)-യുടെ ക്ലിപ്തനിബന്ധനയിൽ "സമയത്തിന് മുമ്പ്" എന്നതിന് പകരം "സമയത്തിനുള്ളിൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1809. ഖണ്ഡം 20-ൽ നിലവിലുള്ള (2)-ഉം (3)-ഉം ഉപഖണ്ഡങ്ങൾ (3), (4) ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (3)-ാം ഉപഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

" (2) ഈ ആക്ട് പ്രകാരം സമർപ്പിക്കപ്പെടുന്ന ഓരോ അപേക്ഷയിന്മേലും സരൾ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി, നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ അപേക്ഷകൻ പ്രോസസ്സിംഗ് ഫീസും കൂടി ഒടുക്കേണ്ടതാണ്." ;

1694A, 1695, 1697, 1701A, 1702, 1707A, 1707B എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1810. ഖണ്ഡം 21-ൽ "ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി" എന്നതിന് പകരം "വിവര സാങ്കേതികവിദ്യാ" എന്ന വാക്കുകൾ ചേർക്കുക.

1708, 1709, 1719, 1719A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1708. ഖണ്ഡം 21-ൽ " ഏജൻസികൾ" എന്നതിന് മുമ്പ് " സർക്കാർ" എന്ന് ചേർക്കുക.

1709. ഖണ്ഡം 21-ൽ " സംവിധാനത്തോടുള്ള" എന്നതിന് പകരം " സംവിധാനത്തോടുകൂടിയ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിരണ്ടാം വകുപ്പ്

1720, 1721, 1723, 1723A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

1724, 1728A, 1728B എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

1729, 1729A, 1730, 1738, 1745A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1729. ഖണ്ഡം 24(1)-ൽ " സ്ഥാനം" എന്നതിന് ശേഷം " അപേക്ഷയിന്മേലുള്ള" എന്ന് ചേർക്കുക.

1730. ഖണ്ഡം 24(2)-ൽ " ന്യായമായ" എന്നതിന് പകരം " മതിയായ" എന്ന് ചേർക്കുക.

1738. ഖണ്ഡം 24(2)-ൽ " വരുത്തുന്നപക്ഷം" എന്നതിന് പകരം " വരുത്തുന്നതായി ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

1745C, 1746 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1746. ഖണ്ഡം 25-ൽ " പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്നതിന് പകരം " അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1745 C നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

1747, 1747A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല.)

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

1748, 1748A എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

1748B, 1748C എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

1748D, 1749, 1750, 1751, 1756, 1756A, 1756B എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

1756C, 1756D, 1757, 1759, 1765, 1773, 1777 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിരണ്ടാം വകുപ്പ്

1782, 1787 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിമൂന്നാം വകുപ്പ്

1799-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1811. പട്ടികയിലെ (2)-ാം കോളത്തിൽ,

(i) ക്രമനമ്പർ 1-ൽ " സിനിമാസ്" എന്ന വാക്കിനു പകരം " സിനിമ" എന്ന വാക്ക് ചേർക്കുക.

(ii) ക്രമനമ്പർ 2-ൽ " 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം " 1960-ലെ കേരള കടകളും

വാണിജ്യ സ്ഥാപനങ്ങളും ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iii) ക്രമനമ്പർ 3-ൽ " 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം " 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iv) ക്രമനമ്പർ 6-ൽ " ഭ്രജല" എന്ന വാക്കിന് പകരം " ഭ്രജലം" എന്ന വാക്ക് ചേർക്കുക.

(v) ക്രമനമ്പർ 7-ൽ " ജലസേചന ജലസംരക്ഷണ" എന്ന വാക്കുകൾക്ക് പകരം " ജലസേചനവും ജലസംരക്ഷണവും" എന്ന വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

112, 120, 121, 121A, 122, 123, 124, 125, 131, 137A, 138, 144, 154, 156, 163, 170, 170A, 170B, 174A, 181, 181A, 181C, 182, 193, 194, 199, 202, 207, 216, 219, 220, 220B എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

165. ദീർഘശീർഷകത്തിൽ " മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

പീഠികയിൽ " മറ്റു" എന്ന വാക്കിനു പകരം "മറ്റ്" എന്ന് ചേർക്കുക.

വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസായ മേഖലയിലും ബിസിനസ് പരിഷ്കരണ സൂചികയിലുമുണ്ടാക്കിയ നേട്ടങ്ങളെ നിയമനിർമ്മാണത്തിലൂടെ തിരസ്കരിക്കാൻ ശ്രമിക്കുന്നത് ഖേദകരമാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസന നിയമവും 2019-ലെ MSME Facilitation നിയമവും ഭേഭഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാതെയാണ് പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്. 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ടിൽ നിർദേശിക്കുന്ന സംസ്ഥാനതല അംഗീകാര കമ്മിറ്റിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി സമാന്തര കമ്മിറ്റിക്ക് രൂപം നൽകിയത് അംഗീകരിക്കാൻ കഴിയില്ല. നിയമനിർമ്മാണം പ്രാബല്യത്തിൽവരുന്നതോടെ വ്യവസായങ്ങൾ തുടങ്ങുന്നതിലെ കാലദൈർഘ്യം വർധിപ്പിക്കുന്നതും മുൻപുണ്ടായിരുന്ന കൽപ്പിത അനുമതി ഒഴിവാക്കുന്നതും ആശങ്കാജനകമാണ്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അർധ ജൂഡീഷ്യൽ അധികാരം ചീഫ് സെക്രട്ടറിയുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ കമ്മിറ്റികൾക്ക് കൈമാറുന്നത് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കും. പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി നിയമങ്ങളിലെ ലൈസൻസ്, കെട്ടിട നിർമ്മാണ അനുമതി തുടങ്ങിയവ നൽകാനുള്ള അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എടുത്തുമാറ്റി ഉദ്യോഗസ്ഥ സമിതികൾക്ക് നൽകിയെങ്കിലും പ്രസ്തുത ബോർഡുകളിൽ പഞ്ചായത്ത് ഭാരവാഹികളെയോ മുനിസിപ്പൽ ചെയർമാൻമാരെയോ ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡം

14 (4) പ്രകാരം ഏഴ് ദിവസത്തിനകം ക്ഷമതയുള്ള അധികാരസ്ഥാനം ഡിഫക്ട് മെമ്മോ നൽകിയില്ലെങ്കിൽ ന്യൂനതകളൊന്നുമില്ലെന്ന് കണക്കാക്കി നടപടികൾ മുന്നോട്ടുകൊണ്ടുപോകുമെന്ന ബില്ലിലെ വ്യവസ്ഥ തണ്ണീർത്തട സംരക്ഷണത്തെ പൂർണ്ണമായും അട്ടിമറിക്കും. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിനെ ഒഴിവാക്കിയത് മാസ്റ്റർ പ്ലാനുകളിലെ സോണിങ് വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുമതി നൽകാൻ ഇടയാക്കും. ഗുരുതരമായ മലിനീകരണമോ അപകടമോ ഉണ്ടാക്കുന്ന ഫാക്ടറികൾ പൂട്ടിയിടാനോ സസ്പെൻഡ് ചെയ്യാനോ ഉള്ള ഉദ്യോഗസ്ഥരുടെ അധികാരം എടുത്തുമാറ്റിയത് അപലപനീയമാണ്. അതോറിറ്റിയോ ഉദ്യോഗസ്ഥരോ എടുക്കുന്ന തീരുമാനങ്ങൾക്കെതിരെ സിവിൽ കോടതികളെ സമീപിക്കാനുള്ള അവകാശം നിഷേധിക്കുന്നത് അടിയന്തരാവസ്ഥയെ ഓർമ്മിപ്പിക്കുന്ന നടപടിയാണ്. നിലവിലുള്ള നിയമങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളെയും അട്ടിമറിക്കുന്നതും ജനങ്ങളുടെ മൗലികാവകാശങ്ങൾ ഹനിക്കുന്നതുമായ ബില്ലിന്റെ തുടർനടപടികളുമായി സഹകരിക്കാൻ സാധിക്കുകയില്ല.

(2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിന്റെ തുടർനടപടികളുമായി സഹകരിക്കാതെ എൽ.ഡി.എഫ് അംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളത്തിൽ വ്യവസായം ആരംഭിക്കാൻ മൂന്നര വർഷത്തേക്ക് യാതൊരു അനുമതിയും തേടേണ്ടതില്ലെന്ന നിയമം പാസ്സാക്കിയവരാണ് ഇപ്പോൾ ഈ ബില്ലിനെതിരെ പ്രതിഷേധിക്കുന്നത്. എല്ലാ വശങ്ങളും പരിശോധിച്ച് 75 ദിവസത്തിനുള്ളിൽ അനുമതി നൽകുന്ന പുതിയ സംവിധാനമാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പുതിയ നിക്ഷേപങ്ങളും വ്യവസായങ്ങളും ആകർഷിക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും പെർമിറ്റുകളും തടസ്സങ്ങളില്ലാതെയും സമയബന്ധിതമായും ലഭ്യമാക്കുന്നതിനുമാണ് ഈ നിയമത്തിലൂടെ ലക്ഷ്യമിടുന്നത്. സരൾ കേരളം അതോറിറ്റി നിലവിലെ ഒരു നിയമത്തെയും ബൈപാസ് ചെയ്യുന്നില്ല. അപേക്ഷകളിന്മേൽ ക്ലിയറൻസ്

നൽകുന്നതിന് കൃത്യമായ സമയം നിശ്ചയിച്ചതിലൂടെ വ്യക്തമായ അക്കൗണ്ടബിലിറ്റി ഉറപ്പാക്കുകയാണ് ചെയ്യുന്നത്. സിവിൽ കോടതികളുടെ അധികാരം എടുത്തുകളഞ്ഞുവെന്ന വാദം വസ്തുതാവിരുദ്ധമാണ്. വ്യവസായ വികസനത്തിനായി നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള വിപ്ലവകരമായ ഒരു ബില്ലാണിത്. മനുഷ്യാവസ്ഥകളെ ദുർബലമാക്കുകയോ പരിസ്ഥിതിക്ക് കോട്ടം വരുത്തുകയോ ചെയ്യുന്ന വികസന പ്രവർത്തനത്തിന് ഗവൺമെന്റ് തയ്യാറാകില്ല. വ്യവസായാന്തരീക്ഷം മെച്ചപ്പെടുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികാന്തരീക്ഷത്തെ പരിപോഷിപ്പിക്കും. ചരിത്രത്തിൽ ഇടംനേടുന്ന വിധത്തിൽ കുറ്റമറ്റരീതിയിലാണ് ഈ ബിൽ പൈലറ്റ് ചെയ്തിരിക്കുന്നത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പാസാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പാസാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭവിട്ട് പുറത്തുപോയ എൽ.ഡി.എഫ് അംഗങ്ങൾ തിരികെ സഭയിൽ ഹാജരായി.)

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

(1) 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(2) 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(3) 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

(4) 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

(5) 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

(6) 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് കേരളത്തെ എത്തിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ലജനാവിന് കോട്ടം വരുത്താതെ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിലുൾപ്പെടെ അനന്തമായ കാലതാമസം വരുന്നത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനും ശതകോടികൾ ലജനാവിന് നഷ്ടം വരാനും കാരണമാകുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുണ്ടാകുന്ന വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ അനാവശ്യ കാലതാമസം പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രോജക്ട് ഇംപ്ലിമെന്റേഷനുവേണ്ടി ഒരു പ്രോട്ടോക്കോൾ ഉണ്ടാക്കുന്നതും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കോ-ഓർഡിനേറ്റ് ചെയ്യുന്നത് സംബന്ധിച്ച് എം.എൽ.എ.-മാർക്ക് പരിശീലനം നൽകുന്നതുമാണ്. ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(1) 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(4) 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(5) 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(6) 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

VII അറിയിപ്പ്

കേരളപ്പിറവി ആഘോഷ പരിപാടികളുടെ ലോഗോ പ്രകാശനം

മി. സ്പീക്കർ: 2026 നവംബർ 1-ാം തീയതി ആരംഭിക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന കേരളപ്പിറവി ആഘോഷ പരിപാടികളുടെ ലോഗോ പ്രകാശനം സഭാസമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

(നിയമനിർമ്മാണ കാര്യം-തുടർച്ച)

VIII ചട്ടം സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): " 2026-ലെ ശമ്പളവും ബത്തകളും (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

(7) 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(8) 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

In Section 5D of the Principal Act,-

(i) for the words "rupees fifty thousand' ' the words ' ' rupees seventy five thousand' ' shall be substituted.

(ii) the following proviso shall be inserted namely:-

"Provided that, in case where air journey is not claimed by a member, the unclaimed entitlement shall be convertible, as applicable, into rail travel coupon or fuel coupon, for the respective financial year, as may be prescribed."

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

2026-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

IX അവകാശലംഘന പ്രശ്നങ്ങൾ

പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: നിയമസഭയിൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് തെറ്റായ മറുപടി ലഭ്യമാക്കിയതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. കെ. വത്സരാജ് നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

X ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും യഥാസമയം മറുപടി നൽകിയ

മന്ത്രിമാരെ പ്രത്യേകം അഭിനന്ദിക്കുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 4.07-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

———————————